സെക്രട്ടറിയായി പ്രവർത്തിക്കുന്നതാണ്. ഓരോ തലത്തിലും രൂപീകരിക്കുന്ന അസോസിയേഷന്റെ അദ്ധ്യക്ഷൻ യഥാക്രമം സ്കൂൾ ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ആയിരിക്കും. എസ്.സി.ഇ.ആർ.റ്റിയുടെ നേതൃത്വത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്.

കൂടുതലായി പ്ലസ് ടൂ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി

43(444) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പ്ലസ് ടൂ വിന് ഈ വർഷം എത്ര സീറ്റുകൾ നിലവിലുണ്ട് ;

(സി) ഓരോ ഗ്രൂപ്പിലും എത്ര പ്ലസ് ടൂ സീറ്റുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഓരോ ജില്ലയിലും എത്ര പ്ലസ് ടൂ സീറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ ജില്ലയിലും വിവിധ കോളേജുകളിലായി നിലവിലുള്ള പ്രീഡിഗ്രി സീറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(എഫ്) നിലവിലുള്ള പ്രീഡിഗ്രി സീറ്റുകളുടെയും അനുവദിച്ച പ്ലസ് ടൂ സീറ്റുകളുടെയും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 3,08,484 വിദ്യാർത്ഥികൾ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി.

(ബി) 142750 സീറ്റുകൾ ലഭ്യമാണ്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പ്രീഡിഗ്രിയിൽ ഡീലിങ്കു ചെയ്ത സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റുകൾ പ്ലസ് ടൂ വിൽ അനുവദിച്ചിട്ടുണ്ട്.

പ്ലസ് ടൂ കോഴ്സിൽ സംസ്കൃതം പഠിക്കുന്നതിന് അവസരം

44(446) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടൂ കോഴ്സിൽ സംസ്കൃതം ഓപ്ഷണലായി പഠിക്കുന്നതിന് അവസരമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ/സ്വകാര്യ സ്കൂളുകളിൽ സംസ്കൃതം ഓപ്ഷണലായി പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ടോ ;

(സി) പ്ലസ് ടു കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്ലസ് ടു ഡയറക്ടറേറ്റിൽ ഇതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലസ് ടു കോഴ്സിൽ ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ സംസ്കൃത സാഹിത്യവും ശാസ്ത്രവും ഓപ്ഷണലായി അനുവദിച്ചിട്ടുണ്ട്. സ്കൂൾ അധികൃതർക്ക് ഇത് തെരഞ്ഞെടുക്കാവുന്നതാണ്.

(സി&ഡി) പ്ലസ് ടുവിന് പ്രൈവറ്റ് രജിസ്ട്രേഷൻ ഇല്ല. പകരം "ഓപ്പൺ സ്കൂൾ" സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിന്റെ പ്രമുഖ എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്കാണ്. എന്നാൽ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത് ഹയർ സെക്കണ്ടറി ഡയറക്ടറാണ്.

പ്ലസ് ടു കോഴ്സ് അനുവദിച്ച മാനേജ്മെന്റുകൾ

45(448) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പ്ലസ് ടു കോഴ്സ് അനുവദിക്കപ്പെട്ട സ്കൂൾ മാനേജ്മെന്റുകൾ ഏതെല്ലാമെന്നും ഓരോ മാനേജ്മെന്റിനും ഏതെല്ലാം വിഷയങ്ങളിലാണ് പ്ലസ് ടു കോഴ്സ് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷം പ്ലസ് ടു കോഴ്സ് അനുവദിക്കപ്പെട്ട മാനേജ്മെന്റുകളിൽ ഏതെല്ലാം മാനേജ്മെന്റുകൾ കോളേജുകൾ നടത്തിയിരുന്നു ;

(സി) ഈ ഓരോ കോളേജുകളിലും നിന്ന് പ്രീഡിഗ്രിക്ക് ഓരോ വർഷങ്ങൾക്കുള്ള എത്ര സീറ്റുകൾ നിർത്താലാക്കിയെന്നും പ്രസ്തുത മാനേജ്മെന്റുകൾക്ക് ഓരോ വിഷയത്തിലും എത്ര സീറ്റുകൾ വീതം പ്ലസ് ടു കോഴ്സിന് അനുവദിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly